**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** | **24-08-2022 - ൽ മറുപടിയ്ക്ക്**

**പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നൽകേണ്ട അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സാധാരണ ഗതിയിൽ, തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ആണ് അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ടത് .<br><br>തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിങ്ങിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശാവകാശം/ ഉടമസ്ഥാവകാശം, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നടപ്പ വർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ് ഇവയിൽ ഏതെങ്കിലും രേഖ ഉടമസ്ഥാവകാശം തെളിയിക്കാനായി ഹാജാരാക്കാവുന്നതാണ്.<br><br>(വാടകക്കാരാണെങ്കിൽ വാടക കരാറിന്റെ പകർപ്പ് കൂടാതെ ഉടമസ്ഥന്റെ പക്കൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉടമസ്ഥാവ കാശപത്രവും ഹാജരക്കേണ്ടതുണ്ട്).<br><br>ഗാർഹിക വൈദ്യുതി കണക്ഷന് വേണ്ടി ഈ രേഖകൾക്കു പകരമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ ഡി കാർഡ് , ഇലക്ഷൻ ഐ ഡി കാർഡ് , ആധാർ കാർഡ് , ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ് , അടുത്തകാലത്തുള്ള സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസിക ളുടെയോ ജലം/ഗ്യാസ്/ ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ പദ്ധതിയുടെ കാർഡ് (ഇവയിലെ അഡ്രസ്സും വൈദ്യുതി കണക്ഷൻ വേണ്ട സ്ഥലത്തിന്റെ അഡ്രസ്സും ഒന്നാണെങ്കിൽ) ഇവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി ഹാജാരാക്കാവുന്നതാണ്. |

കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചതിന്റെ ഭാഗമായി ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ് / പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജാരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും ഒരു സമ്മതപത്രം ഹാജരാക്കിയാൽ മതിയാകും .

താഴെ പറയുന്ന രേഖകൾ ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയ്ക്ക് പകരമായി ഉപയോഗിക്കാവുന്നതാണ് .

**നിർമ്മാണ ആവശ്യങ്ങൾക്കുള്ള കണക്ഷന്**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ് / പ്ലാൻ

2.സർക്കാർ വകുപ്പോ ഏജൻസിയോ നടത്തുന്ന പൊതുമരാമത്തു വർക്കുകൾക്ക് യോഗ്യതയുള്ള അധികാരി നൽകിയ വർക്ക് ഓർഡർ സമർപ്പിക്കാവുന്നതാണ് .

**ആരാധനാലയങ്ങൾ/നിയമസഭയിൽ പ്രാതിനിധ്യം ഉള്ള രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ/ലൈബ്രറി വായനശാലകൾ, കല കായിക സാംസ്കാരിക സംഘടനകൾക്ക് പരിസരം.**

വില്ലേജ് ഓഫീസറോ തഹസിൽദാരോ കഴിഞ്ഞ അഞ്ചുവർഷമായി കെട്ടിടം പ്രസ്തുത ആവശ്യത്തിനായി പ്രവർത്തിച്ചുവരികയാ ണെന്നും പൊതുസ്ഥലം കൈയ്യേറി ഉണ്ടാക്കിയതല്ലായെന്നും രേഖപ്പെടുത്തിയ സാക്ഷ്യപത്രം. ഇത് കൂടാതെ അപേക്ഷകൻ ബിൽഡിംഗ് റൂൾസ് ലംഘിച്ചതായി കണ്ടെത്തിയാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനു എതിർപ്പില്ലായെന്നുള്ള സമ്മതപത്രം മുദ്രപത്രത്തിൽ നൽകേണ്ടതാണ്.

**ഗവണ്മെന്റ് ഉടമസ്ഥതയിലുള്ളതോ എയ്ഡഡ് ആയതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

ഉടമസ്ഥാവകാശ രേഖ ആവശ്യമില്ല. വൈദ്യുത കണക്ഷനുവേണ്ടിയുള്ള അപേക്ഷ സ്ഥാപന മേധാവി ലെറ്റർഹെഡിൽ നൽകിയാൽ മതിയാകും.

| | | | |
|---|---|---|---|
| | | | **അങ്കണവാടികൾ**<br><br>ജില്ലാ സാമൂഹിക നീതി ഓഫീസറോ പ്രസ്തുത ഓഫീസർ ചുമതലപെടുത്തുന്നതോ ആയ ഓഫീസർ. അംഗനവാടി പ്രവർത്തിക്കുന്ന കെട്ടിടം അനധികൃത നിർമാണം ആണെന്ന് തദ്ദേശ സ്ഥാപന സെക്രട്ടറി കണ്ടെത്തിയാൽ വൈദ്യുതി വിച്ഛേദിക്കാൻ സമ്മതിക്കുകയും അംഗനവാടി നിലവിലെ സ്ഥലത്തുനിന്നും മാറ്റുമ്പോൾ വിവരം ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയറെ എഴുതി അറിയിക്കുമെന്നും അംഗനവാടി പ്രവർത്തിച്ചിരുന്ന സമയത്തുള്ള വൈദ്യുതി ചാർജിന്റെ ബാധ്യത അപേക്ഷകനാണെന്നും സാക്ഷ്യപ്പെടുത്തി നൽകണം .<br><br>**സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം / കെട്ടിടം**<br><br>ഉടമസ്ഥാവകാശ രേഖയ്ക്ക് പകരം അധികാരമുള്ള ഓഫീസറുടെ നിരാക്ഷേപസാക്ഷ്യ പത്രം സമർപ്പിച്ചാൽ മതിയാകും .<br><br>**ഹോർട്ടികോർപ്പ് ബങ്ക്, മിൽമ ബൂത്ത് മുതലായവ**<br><br>തദ്ദേശ സ്ഥാപന സെക്രട്ടറിയോ മറ്റ് അധികാരപ്പെട്ട ഓഫീസറോ കണക്ഷൻ വിച്ഛേദിക്കാൻ എഴുതി നൽകിയാൽ കണക്ഷൻ വിച്ഛേദിക്കപ്പെടും എന്ന നഷ്ടപരിഹാര ഉടമ്പടി അപേക്ഷകൻ സമർപ്പിച്ചാൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയില്ലാതെ തന്നെ കണക്ഷൻ നൽകും . |
| (ബി) | പുതിയ വീട് നിർമ്മിക്കുന്നവർക്ക് അതിന്റെ ആവശ്യത്തിലേയ്ക്കായി നിലവിൽ വീട്ടു നമ്പറുള്ള വീട്ടിലെ വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; | (ബി) | നിലവിൽ കണക്ഷൻ ഉള്ള ഒരു വീടിന്റെ പുറത്തേക്ക് വൈദ്യുതി സപ്ലൈ നീട്ടുന്നത് വൈദ്യുതി സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനമായതിനാൽ പുതിയ നിർമ്മാണത്തിന് പ്രത്യേക കണക്ഷൻ എടുക്കുന്നതാണ് അഭികാമ്യം . |
| (സി) | പഴയ വീട്ടിലെ വൈദ്യുതി ഉപയോഗിയ്ക്കുന്നതിന് എന്തെങ്കിലും നടപടി ക്രമങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയവ എന്തെല്ലാം; വിശദമാക്കാമോ? | (സി) | ഒരു ഗാർഹിക കണക്ഷൻ നൽകുന്ന അവസരത്തിൽ അതിനായുള്ള അപേക്ഷയിൽ അടുത്തുള്ള പോസ്റ്റിൽ നിന്നും മീറ്റർ ബോർഡിലേക്കുള്ള ലൈനിന്റെയും വീടിന്റെ വയറിങ് ലേ-ഔട്ട് എന്നിവ അംഗീകൃത വയർമാൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. ഈ ലേ -ഔട്ടിന്റെ അടിസ്ഥാനത്തിൽ ആണ് പ്രമിസസ്സ് അഥവാ പരിസരം നിർണ്ണയിക്കപ്പെടുന്നത്. ഈ പരിസരത്തിന്റെ പുറത്തേക്കുള്ള സപ്ലൈ നീട്ടൽ സുരക്ഷാകാരണങ്ങളാൽ അനുവദനീയമല്ല. കണക്ഷൻ നൽകുന്ന സമയത്തെ കണക്റ്റഡ് ലോഡിന്റെ 20 ശതമാനം വരെ അധികമായി ഉപയോഗിക്കാവുന്നതാണെങ്കിലും അത് വീടിന്റെ |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കപ്പെട്ട പരിസരത്തിനുള്ളിൽ ആയിരിക്കണം |

സെക്ഷൻ ഓഫീസർ